## സാദരം
:: സിസ്റ്റർ ശോഭ സിഎസ്എൻ ::
## വൃദ്ധനാകാത്ത ക്രിസ്തു
:: ഫാ. ജെ. ആക്കാനത്ത് ::
## യുവാക്കളേ കുടിച്ച് മുടിയരുത്...
:: ജയ്മോൻ കുമരകം ::
## ദാനമായി ലഭിച്ചതു ദാനം ചെയ്യുക
:: ഫാ. ജോസഫ് നെച്ചിക്കാട്ട് ::
## കലഹപൂർവം സ്നേഹിക്കുന്നവർ
:: ജോനാഥ് കപ്പൂച്ചിൻ ::


# സാദരം

:: സിസ്റ്റർ ശോഭ സിഎസ്എൻ ::

നമ്മൾ ബോധജ്ഞാനമെന്നൊക്കെ പറയുന്ന വെളിച്ചം കിട്ടി യ മനുഷ്യർ ഭൂമിയിൽ തീരെ കുറവായിരിക്കുന്നു എന്നതായിരിക്കണം ലോകത്തിലെ എല്ലാ പ്രശ്നങ്ങൾക്കും കാരണം. അങ്ങനെയുള്ള ഒരാളുടെ ജീവിതത്തിലെ ഏറ്റവും വലിയ സുകൃതമെന്തായിരിക്കും? തീർച്ചയായും അയാൾ ക്രിസ്തുവിനെ ഓർമ്മിപ്പിക്കുമാറ് മനുഷ്യരുടെ മുമ്പിൽ മാത്രമല്ല സകല ചരാചരങ്ങളുടെയും മുമ്പിൽ ആദരവോടെ നില്ക്കും.

മനുഷ്യന്റെ മഹത്വം എത്ര വലുതെന്ന് ഓർമ്മിപ്പിക്കുന്നതായിരുന്നു ക്രിസ്തുവിന്റെ വാക്കുകളും ജീവിതവും. തന്റെ മുമ്പിൽ വന്ന ഓരോ മനുഷ്യനെയും ക്രിസ്തു കാര്യമായിട്ടെടുത്തു. അതുകൊണ്ടാണ് സാധാരണ ജനങ്ങളൊക്കെ ഇത്രമേൽ അവനെ സ്നേഹിച്ചതും. അന്നത്തെ റബ്ബിമാർ അവരെ തങ്ങളെക്കാൾ താഴ്ന്നവരായി കരുതിയപ്പോൾ ക്രിസ്തു അവരുടെ തോളിൽ കയ്യിട്ടു നടന്നു. ഒരാളുടെ തെറ്റുകൾപോലും അയാളെ നിന്ദിക്കുന്നതിനു കാരണമാകാൻ പാടില്ല. അതുകൊണ്ടാണ് തെറ്റുചെയ്തൊരാളെ തിരുത്തുമ്പോൾ അയാളും നീയും തനിച്ചായിരിക്കണമെന്നു ക്രിസ്തു പഠിപ്പിച്ചത്. മൂന്നാമതൊരാളുടെ സാന്നിധ്യം അയാളുടെ ആത്മാഭിമാനത്തെ മുറിപ്പെടുത്തുമെന്നു ക്രിസ്തുവിനറിയാം. അത്തരമൊരു സാഹചര്യത്തെ ക്രിസ്തു എങ്ങനെയാണ് നേരിടുന്നതെന്ന് യോഹന്നാൻ നമുക്കു വിവരിച്ചുതരുന്നുണ്ട്. ശരീരത്തിന്റെ ഇടർച്ചയിൽ പിടിക്കപ്പെട്ടൊരാളെ തന്റെ മുമ്പിൽ നിർത്തുമ്പോൾ കുറ്റം ചെയ്തവളെ കാണാനുള്ള ജിജ്ഞാസപോലും അവിടുത്തേക്കില്ല. തന്റെ ഒരു നോട്ടംപോലും അപമാനഭാരത്താൽ അവളെ തളർത്തുമെന്ന് ക്രിസ്തുവിനറിയാം. തെറ്റിൽ പിടിക്കപ്പെടുന്നവരെ കാണുമ്പോഴുള്ള നമ്മുടെ ഗൂഢാഹ്ലാദങ്ങൾ...! അവരുടെ ഏറ്റവും വലിയ ശിക്ഷ ജയിലിൽ കിടക്കുന്നതാവില്ല, മറ്റുള്ളവർക്കു കാഴ്ചവസ്തുവാകുന്നതായിരിക്കും. തെളിവെടുപ്പിനും മറ്റുമുള്ള ആ ഘോഷയാത്രകൾ... ചില കുറ്റ വാളികളെ കാണാൻ ലീവെടുത്തുപോലും കാത്തുനിൽക്കുന്നവരുണ്ടല്ലോ! നേരിട്ടു കാണാൻ കഴിയാ ത്തതുകൊണ്ട് ടിവിയിലെ തത്സമയസംപ്രേഷണങ്ങളും പത്രങ്ങളും തനിച്ചിരുന്ന് കാണുകയും വായിക്കു കയും ചൂടേറിയ ചർച്ചകളിലേർപ്പെടുകയും ചെയ്യുമ്പോൾ നമ്മുടെ മനസിൽ എന്താണ്? എന്തൊരാ സുരതയാണ് നമുക്കുള്ളിൽ. നമ്മുടെ നോട്ടങ്ങൾ നേരിടാനുള്ള കരുത്തില്ലാഞ്ഞിട്ടല്ലേ പിടിക്കപ്പെടുന്നവർ മുഖത്തു തുണിയിട്ട് തങ്ങളെത്തന്നെ മറയ്ക്കാൻ ശ്രമിക്കുന്നത്. എത്ര പീഡിപ്പിക്കപ്പെട്ടാലും പലപ്പോഴും സ്ത്രീകൾ കേസ് കൊടുക്കാത്തതിനു കാരണം പോലീസ് സ്റ്റേഷനിലും മറ്റും നേരിട്ടേക്കാവുന്ന ചോദ്യ ങ്ങൾ തങ്ങളെ കൂടുതൽ അപമാനിതരാക്കും എന്നു ഭയന്നിട്ടാണെന്നോർക്കണം.

ഒരു മനുഷ്യനെയും അളക്കാൻ തുനിയരുതെന്നും ക്രിസ്തു പഠിപ്പിക്കുന്നു. ഞാൻ അളക്കുന്ന അളവുകൊണ്ട് ഞാനും അളക്കപ്പെടും എന്നുള്ളതുകൊണ്ട് മാത്രമല്ല അത്, ഒരാളുടെയും മഹത്വം കണ്ടെത്താനുള്ള വെട്ടം എനിക്കില്ലെന്നതുകൊണ്ടുകൂടിയാണ്. അല്ലെങ്കിലും നമ്മൾ നിസ്സാരെന്നു കരുതുന്ന മനുഷ്യരൊന്നും അത്ര ചെറിയവരൊന്നുമല്ല. നാട്ടിൽ ഭിക്ഷയാചിച്ച് നടക്കുന്ന ഒരു സ്ത്രീ. അവരുടെ തേഞ്ഞുതീരാറായ ചെരുപ്പു കണ്ട് അലിവുതോന്നി ഞങ്ങളുടെ ഒരു സിസ്റ്റർ നല്ല രണ്ടു ചെരുപ്പുമായെത്തി. അവരാകട്ടെ, അതു സ്നേഹപൂർവ്വം നിരസിച്ചിട്ട് പറഞ്ഞു: വേണ്ട, ഈ ചെരിപ്പു തേഞ്ഞുതീർന്നിട്ടു മതി വേറൊന്ന്. ആ സ്ത്രീയെ അന്നേരം നമിക്കണമെന്നു തോന്നി. സത്യമായിട്ടും ദൈവം

തെരുവിലലയുന്ന സ്ത്രീയായി വന്ന് ഞങ്ങളെ തിരുത്തിയതായിരുന്നു, അത്. അസ്സീസിയിലെ ഫ്രാൻസീസ് കണ്ടെത്തിയതുപോലെ നമ്മൾ കണ്ടുമുട്ടുന്ന ഓരോ മനുഷ്യരും എന്തെങ്കിലുമൊരു ദൂത് നമുക്കു കൈമാറുന്നുണ്ട്. അവരെ കാര്യമായിട്ടെടുക്കണമെന്നുമാത്രം.

നമ്മൾ ഈ പാവപ്പെട്ട മനുഷ്യരോടൊക്കെ അല്പം ആദരവോടെ പെരുമാറി നോക്കൂ. അതൊക്കെ അവർക്കു നല്കുന്ന ആഹ്ലാദവും ആത്മവിശ്വാസവും എത്ര വലുതായിരിക്കുമെന്ന് അറിയാമോ. തീർച്ചയായും അവരത് അർഹിക്കുന്നുമുണ്ട്. അല്ലെങ്കിലും ആരോടെങ്കിലും കോപിക്കാൻ നമുക്ക് അവകാശമുണ്ടോ? ഭൃത്യന്മാരേയും ബഹുമാനിക്കണമെന്നും അവരോട് ക്ഷോഭിക്കരുതെന്നും പൗലോസ്ലീഹാ ഓർമ്മിപ്പിക്കുന്നുണ്ട്. കാരണം, നിങ്ങളുടെയും അവരുടെയും യജമാനൻ സ്വർഗത്തിലുണ്ട്. അവിടുത്തേക്ക് മുഖംനോട്ടമില്ല (എഫേ. 6:5–9). പിന്നെ അവർക്ക് നിങ്ങളെ സ്നേഹപൂർവ്വം ശുശ്രൂഷിക്കാതെ വയ്യെന്നാകും. മാത്രമല്ല അവർ നിങ്ങളുടെ കണ്ണിലെ അസാധാരണ വെളിച്ചം തിരിച്ചറിയുകയും ചെയ്യും. സക്കേവൂസ് ക്രിസ്തുവിനെ കണ്ടതുപോലെ. റോമാക്കാർക്കുവേണ്ടി യഹൂദരിൽനിന്ന് ചുങ്കം പിരിക്കുന്നയാളായിരുന്നല്ലോ അയാൾ. പണം നല്കാത്തവരെ ചിലപ്പോൾ ഭീഷണിപ്പെടുത്തിയും അയാൾക്ക് കാശു പിരിക്കണമായിരുന്നു. അതുകൊണ്ടുതന്നെ സകല യഹൂദരും അയാളെ പാപിയായി കരുതുകയും വെറുക്കുകയും ചെയ്തിരുന്നു. ആ നൊമ്പരം ഉള്ളിലൊതുക്കിക്കഴിയുമ്പോഴാണ് നാട്ടിലെല്ലാവരും ഇഷ്ടപ്പെടുകയും ആദരിക്കുകയും ചെയ്യുന്ന ഒരു യഹൂദ യുവാവ് തന്റെ വീട്ടിൽ വിരുന്നിനു വരാൻ മാത്രം തന്നെ ആദരിച്ചിരിക്കുന്നത്. ഇനി അയാൾക്ക് പഴയജീവിതം തുടരാനാവില്ല.

സമരിയായിലെ സ്ത്രീക്കും സംഭവിച്ചത് അതുതന്നെയാണ്. നാട്ടിലാരുടെയും കണ്ണിൽ പെടാതെ നട്ടുച്ചയ്ക്ക് വെള്ളമെടുക്കാൻ വന്നതാണ്. അപ്പോഴാണ് സമരിയാക്കാരെ ഹീനജാതിക്കാരായി കണ്ടിരുന്ന യഹൂദസമുദായത്തിലെ കാണാൻ കൊ ള്ളാവുന്നൊരു ചെറുപ്പക്കാരൻ കുടിക്കാനല്പം വെള്ളം ചോദിച്ചുകൊണ്ട് തന്റെ മുമ്പിൽ കൈ നീട്ടുന്നത്. ഇയാൾ സാധാരണക്കാരനല്ലെന്ന് അപ്പോൾത്തന്നെ അവളുടെ മനസ് പറഞ്ഞിട്ടുണ്ടാകണം. നിമിഷങ്ങൾക്കകം അവനൊരു പ്രവാചകനാണെ ന്ന് അവൾ കണ്ടെത്തുകയും ചെയ്യുന്നുണ്ടല്ലോ. ചെറിയവരുടെ മുമ്പിൽ കൈനീട്ടുവാൻ വലിയവർക്കേ കഴിയൂ. ഞാനാരുടെയും മുമ്പിൽ കൈനീട്ടില്ല എന്നൊക്കെ നമ്മൾ വാചകമടിക്കുമ്പോൾ, നമ്മൾ തീരെ ചെറിയ മനുഷ്യരാണെന്നാണ് വിളിച്ചു പറയുന്നത്.

മനസിൽ വെളിച്ചമില്ലാത്ത മനുഷ്യർ മറ്റുള്ളവരെ ഓരോരോ കാരണങ്ങൾകൊണ്ട് നിന്ദിക്കുകയും ചെറു താക്കുകയുമൊക്കെ ചെയ്യും; ഒരാൾ ഒരിക്കലും ഉത്തരവാദിയല്ലാത്ത ശാരീരിക ന്യൂനതകളുടെ പേരിൽ പ്പോലും. നമ്മുടെ കുഞ്ഞുങ്ങൾ നിസ്സഹായരായ ഈ മനുഷ്യരെ നിന്ദിക്കുന്നത് എന്തുകൊണ്ടായിരിക്കും?

ഒരാളെ ആദരിക്കുക എന്നു പറയുമ്പോൾ അയാളുടെ വികാരങ്ങളെയും നമ്മൾ ആദരിക്കേണ്ടതുണ്ട്. കോപിച്ചിരിക്കുന്ന ഒരാളെ വീണ്ടും പ്രകോപിപ്പിക്കരുത്. അങ്ങനെയാണല്ലോ ഓരോ പ്രശ്നവും കൂടുതൽ ഗുരുതരമാകുന്നത്. മറ്റുള്ളവരുടെ സങ്കടങ്ങളെയും കൂടുതൽ ഗൗരവമായിട്ടെടുക്കേണ്ടതുണ്ട്. പ്രിയപ്പെട്ടൊരാളുടെ വേർപാടിൽ പൊട്ടിക്കരയുന്നൊരാളുടെ കരച്ചിൽ നിയന്ത്രിക്കുവാൻ ശ്രമിക്കുന്നതെന്തിനാണ്.? കരയാൻ മാത്രമില്ലെന്ന് നിങ്ങൾ കരുതുന്ന കാര്യങ്ങളോർത്ത് ഞാൻ സങ്കടപ്പെടുമ്പോഴും എന്നെ നിന്ദിക്കരുത്. കരച്ചിൽ ഒരു ഭാഷയാണ്. സങ്കടം വാക്കിലൊതുക്കാൻ പറ്റാതാകുമ്പോൾ സംഭവിക്കുന്നയൊന്ന്. അത്തരം സന്ദർഭങ്ങളിൽ നമുക്കു ചെയ്യാവുന്ന ഏറ്റവും വലിയ സുകൃതം അയാളെ കരയാനനുവദിക്കുക. എന്നിട്ട് ആ കരം പിടിച്ച് വെറുതെ കൂടെയിരിക്കുക. കരച്ചിൽ ഒരൗഷധം കൂടിയാണ്. സങ്കടങ്ങളുടെ കാർമേഘങ്ങൾ തുടച്ചു മാറ്റുന്ന മഴപ്പെയ്ത്ത്.

ബഹുമാനിക്കുക എന്നതിന് ഇംഗ്ലീഷിൽ പറയുന്ന **respect** പിരിച്ചെഴുതിയാൽ **respect** എന്നു കിട്ടും. അർത്ഥം വീണ്ടും കാണുക. ആരെ യും ഒന്നുകൂടി ശ്രദ്ധിച്ചാൽ അയാളെ ബഹുമാനിക്കാനുള്ള കാരണം കണ്ടെത്താൻ കഴിയും. അതിനുള്ള സംയമനം നമുക്കില്ലാതെ പോകുന്നതാണു പ്രശ്നം. ഒരുദാഹ രണത്തിന് ഓഫീസിൽ പഞ്ചപാവമായ നിങ്ങളുടെ ഭർത്താവ് വീട്ടിൽ വന്നാൽ തൊട്ടതിനും പിടിച്ചതിനും ക്ഷോഭിക്കുന്നതുകണ്ട് നിങ്ങൾ അമ്പരക്കുകയാണ്. ഓർക്കണം ഓഫീസിൽ അയാൾ എത്രപേരുടെ മുമ്പിൽ കുനിഞ്ഞ് കുനിഞ്ഞ് നടുവേദനിച്ചാണ് വീട്ടിലെത്തുന്നത്. വീട്ടിലെങ്കിലും ഒന്നു നിവർന്നു നില്ക്കാൻ ശ്രമിക്കുന്നതിനിടയിൽ ക്ഷോഭിച്ചുപോകുന്നതാണ്. പാവം!

ഓഫീസിൽ ഓരോന്നിനു വിശദീകരണം നല്കിയും ന്യായം പറഞ്ഞും മടുത്ത് ഒന്ന് സ്വസ്ഥമായിരിക്കാമെന്നു കരുതി വീട്ടിലെത്തുന്ന നിങ്ങളെ വീട്ടിലെ നൂറായിരം കാര്യങ്ങൾ പറഞ്ഞ് ശല്യപ്പെടുത്തുന്ന അവളുമൊരു പാവമാണ്. പൊതുവെ കൂടുതൽ സംസാരിക്കാനിഷ്ടപ്പെടുന്ന അവൾക്ക് പകൽ വീട്ടിലെ പട്ടിയും പൂച്ചയും കോഴിയുമൊക്കെയല്ലാതെ വേറെയാരും മിണ്ടിപ്പറയാൻ ഉണ്ടായിരുന്നില്ലല്ലോ. നിങ്ങളോടെങ്കിലും അതൊക്കെയൊന്ന് തുറന്ന് പറഞ്ഞില്ലെങ്കിൽ അവൾ ശ്വാസം മുട്ടി മരിച്ചുപോവില്ലേ?

ഓരോ മനുഷ്യന്റെ സ്വകാര്യതയും മാനിക്കപ്പെടണം. അതിലേക്ക് അതിക്രമിച്ചു കടക്കാൻ ആർക്കും അവകാശമില്ല. ആഴമേറിയ സൗഹൃദങ്ങളുണ്ടാകുന്നത് സ്വകാര്യത മാനിക്കപ്പെടുമ്പോഴാണല്ലോ. അപരന്റെമേലുള്ള ഏതു തരത്തിലുള്ള സമ്മർദ്ദവും ബന്ധങ്ങളെ തകർക്കും. ദാമ്പത്യത്തിൽപ്പോലും

പരസ്പരം ആദരിക്കേണ്ട സ്വകാര്യതകളുണ്ടെന്നോർക്കണം. പരസ്പരം രഹസ്യങ്ങളുണ്ടായിരിക്കുക എന്നല്ല, നമുക്കു മനസിലാക്കാനാവാത്ത ഒത്തിരി ഘടകങ്ങൾ ഓരോരുത്തരിലുമുണ്ട്. നമ്മുടെ ഇഷ്ടത്തിനനുസരിച്ച് അയാൾ തന്റെ ജീവിതം ക്രമപ്പെടുത്തണമെന്ന് ശഠിക്കാതിരിക്കുക. അയാളെ അയാളായിത്തന്നെ ജീവിക്കാനനുവദിക്കുക. സ്വകാര്യത നിഷേധിക്കപ്പെടുന്നു എന്നതായിരിക്കണം ജയിലുകളിലും മറ്റും കിടക്കുന്ന മനുഷ്യരുടെ ഏറ്റവും വലിയ ദുഃഖം. ഓരോ വ്യക്തിക്കും മാത്രമല്ല ഓരോ കുടുംബത്തിനും സമൂഹത്തിനും രാഷ്ട്രത്തിനുമുണ്ട് ഈ സ്വകാര്യത. അത് ലംഘിക്കപ്പെടുമ്പോഴാണ് ചെറിയ വഴക്കുകൾ മുതൽ വലിയ യുദ്ധങ്ങൾവരെ ഭൂമുഖത്തുണ്ടാവുന്നത്.

മറ്റുള്ളവരുടെ മുമ്പിൽ ആദരവോടെ നില്ക്കുമ്പോൾ ഞാൻ ആദരിക്കപ്പെടേണ്ടയാളാണെന്ന് ഒരിക്കലും ഓർക്കാതിരിക്കുക എന്നതാണ് ഈ ചിന്തകളിൽ അവസാനത്തേത്. താൻ ആദരിക്കപ്പെടേണ്ടവനാണെന്നു കരുതുന്നയാളോളം ചെറിയ മനുഷ്യനുണ്ടോ? എന്നോടു പറഞ്ഞില്ല, ആലോചിച്ചില്ല, എന്നെ ആദരിച്ചില്ല എന്നൊക്കെ പറഞ്ഞ് നമ്മളുണ്ടാക്കുന്ന ഓരോരോ പ്രശ്നങ്ങൾ. അപ്പൻ മരിച്ചിട്ട് ചൂടാറിയിട്ടില്ല. മക്കളിലൊരാൾ വല്ലാതെ ക്ഷോഭിക്കുകയാണ്. കാര്യമിതാണ്, എന്തോ കാര്യം തീരുമാനിക്കുന്നതിനുമുമ്പ് അവനോടാലോചിച്ചില്ല. 'എന്നാ നിങ്ങളെല്ലാവരുംകൂടി കാര്യങ്ങൾ നടത്തിക്കോ' എന്നായി അവൻ. ഇതിലും വലിയ എന്ത് അനാദരവാണ് അയാൾക്ക് അപ്പനോട് കാണിക്കാനുള്ളത്. ഒരാൾക്ക് തന്നിൽത്തന്നെ എന്തോ ഒരു ബലക്കുറവു തോന്നുമ്പോഴാണ് അയാൾ ഇങ്ങനെ ക്ഷുഭിതനാകുന്നതും സ്വയം അപഹാസ്യനായിത്തീരുന്നതും. എല്ലാവരും തന്നെ മാനിക്കണം എന്നു കരുതുന്നവർക്കു സംഭവിക്കുന്ന ഒരു ദുരന്തമുണ്ട്– ആരുടെ ഹൃദയത്തിലും അവർക്കിടമില്ലാതെ പോകുന്നു. എന്നെ ആർക്കും ഇഷ്ടമില്ലെന്നും എനിക്കുമാത്രം കൂട്ടുകാരില്ലെന്നും സങ്കടപ്പെടുന്നവർ മറ്റുള്ളവരെ എന്തുമാത്രം കാര്യമായിട്ടെടുക്കുന്നു എന്നു പരിശോധിച്ചാൽ മതി. നമ്മൾ കാര്യമായിട്ടെടുക്കുന്നവരൊക്കെ നമ്മെയും കാര്യമായിട്ടെടുക്കും, പക്ഷിമൃഗാദികൾപോലും. പൗലോ ശ്ലീഹാ അതു കുറച്ചുകൂടി ലളിതമായി നമുക്കു പറഞ്ഞുതരും. ഓരോരുത്തരും താഴ്മയോടെ മറ്റുള്ള വരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണം (ഫിലിപ്പി. 2:4). പൗലോസ് അങ്ങനെതന്നെ ജീവിച്ചൊരാളാണ്. പാപികളിൽ ഒന്നാമനെന്ന് സ്വയം വിശേഷിപ്പിച്ച അദ്ദേഹം താൻ മാനസാന്തരപ്പെടുത്തിയ ആളു കളെയൊക്കെ വിശുദ്ധരെന്ന് സംബോധന ചെയ്തു. അങ്ങനെ കരുതി ഓരോരുത്തരും ആദരവോടെ പെരുമാറിയാൽ തീരാവുന്ന പ്രശ്നങ്ങളല്ലേ ഇവിടെയുള്ളൂ?

# വൃദ്ധനാകാത്ത ക്രിസ്തു

:: ഫാ. ജെ. ആക്കാനത്ത് ::

മനുഷ്യാവതാരത്തിലൂടെ ഭൂമിയിലേക്കും കാലത്തിലേക്കും കടന്നുവന്ന ദൈവം മനുഷ്യജീവിതത്തിലെ കാലബദ്ധമായ പല അവസ്ഥകളിലൂടെയും കടന്നുപോയി; ശിശു, ബാലൻ, യുവാവ് എന്നിങ്ങനെ. എന്നാൽ വാർദ്ധക്യത്തിന്റെ സായന്തനത്തിലേക്ക് ആ ജീവിതരേഖ കടക്കുന്നില്ല. എന്തായിരിക്കാം കാരണം?

ഒരു ശിശുവായിട്ടാണ് ദൈവം മനുഷ്യചരിത്രത്തിലേക്ക് കടന്നത്. പിള്ളക്കച്ചകൾ കൊണ്ടു പൊതിഞ്ഞ ഒരു 'ശിശു'വിനെ നിങ്ങൾ കാണും (ലൂക്ക 2:12) എന്ന് ദൈവദൂതൻ ഈ അവസ്ഥയെ അടയാളപ്പെടുത്തുന്നുണ്ട്. മനുഷ്യജീവിതചക്രത്തിലെ ഏറ്റവും നിസ്സഹായമായ അവസ്ഥയുടെ കാലമാണ് ശൈശവം. എന്തിനും ഏതിനും ആരെയെങ്കിലും ആശ്രയിക്കേണ്ട കാലം.

മറ്റേതൊരു ശിശുവിനെയും പോലെ, തന്നെ മനുഷ്യജീവിതത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കാൻ ശിശുവായ ക്രിസ്തു ഒരു സ്ത്രീയുടെയും (മറിയം എന്ന സ്ത്രീ) പുരുഷന്റെയും (ജോസഫ്) സഹായം സ്വീകരിച്ചു. മനുഷ്യജീവിതത്തിലെ തികഞ്ഞ നിസ്സഹായതയെയും പൂർണമായ പരാശ്രയത്വത്തെയും അപ്പാടെ ഒപ്പിയെടുക്കുകയായിരുന്നു 'ശിശു'വായിത്തീർന്നതിലൂടെ ദൈവം ചെയ്തത്. പിന്നെ നമ്മൾ അവനെ കാണുന്നത് ബാലനായിട്ടാണ്. ഇവിടെ കൗമാരത്തിന്റെ കൗതുകത്തോടെ ജീവിതത്തെ നോക്കിക്കാണാനും പ്രതികരിക്കാനും ശ്രമിക്കുന്ന ഒരുവനെയാണ് നാം കാണുക. സ്വന്തമായി തീരുമാനങ്ങളെടുക്കാൻ, പതിവായി ചെയ്യുന്ന കാര്യങ്ങളിലും അൽപം വഴിമാറി സ ഞ്ചരിക്കാൻ, വേറിട്ട സമീപനങ്ങൾ സ്വീകരിക്കുവാൻ, ചോദ്യങ്ങൾ ചോദിക്കുവാൻ എന്നാൽ വേണ്ടപ്പെട്ടവർക്ക് സ്വയം വിധേയനാകുവാൻ തയ്യാറാകുന്ന ബാലകൻ.

മൂന്നാമതായും അവസാനമായും നാമവനെ യുവാവായിട്ടാണ് കാണുന്നത്. ഇവിടെ അവൻ ഉത്തരവാദിത്വങ്ങളുടെ ഭാരവും ഗൗരവവും പേറുന്നുണ്ട്. നിരവധി റോളുകൾ അവന് നിർവഹിക്കാനുണ്ട്. ഗുരുവിന്റെ, സുവിശേഷകന്റെ, പ്രവാചകന്റെ, സൗഖ്യദായകന്റെ, രക്ഷകന്റെ. എന്നാൽ വാർദ്ധക്യ ദിശയിലേക്കു കടക്കാതെ അവൻ ഭൗമിക ജീവിതത്തിൽ നിന്നും വിടവാങ്ങുന്നു. ശിശുവും ബാലകനും യുവാവുമായ ക്രിസ്തുവിനെ കാണുന്നവർക്ക് വൃദ്ധനായ ക്രിസ്തുവിനെ കാണാനാവുന്നില്ല. യൗവനത്തിന്റെ താരശോഭയിൽ ലോകവേദിയിൽ നിന്നും പിൻവാങ്ങുകയായിരുന്നു അവന്റെ നിയോഗം.

വാർദ്ധക്യത്തെയും അതിന്റെ സമസ്യകളെയും നിസ്സഹായതയെയും ഉൽക്കണ്ഠകളെയും അനുഭവതലത്തിൽ ക്രിസ്തു എന്തുകൊണ്ട് സ്വന്തമാക്കിയില്ല? മനുഷ്യവർഗത്തിനുതന്നെ പുതിയൊരു ശൈശവവും കൗമാരവും യൗവനവും പ്രദാനം ചെയ്യാൻ കൂടിയായിരുന്നു ദൈവം മനുഷ്യാവതാരം ചെയ്തത്.

ദൈവത്തിന്റേതായ ശൈശവത്വം കൊണ്ട് ഭൂമിയെ നിഷ്കളങ്കതയുടെ പുതുവസ്ത്രമണിയിക്കുക, ദൈവത്തിന്റെ ബാല്യംകൊണ്ട് മനുഷ്യജീവിത ഗ്രന്ഥത്തിൽ പുതിയ ചോദ്യങ്ങൾ എഴുതിച്ചേർക്കുക (ഒരുപക്ഷേ ഉത്തരങ്ങളും). മനുഷ്യജീവിതത്തിന് കൗമാരസമാനമായ പുതിയ കൗതുകങ്ങൾ പ്രദാനം ചെയ്യുക.

തന്റെ യൗവനത്തിന്റെ പുതിയ ഊർജ്ജവും ചൈതന്യവുംകൊണ്ട് മനുഷ്യരാശിക്ക് ഉണർവേകുക. അങ്ങനെ മനുഷ്യജീവിതത്തിലെ വാർദ്ധക്യത്തിന് തന്റെ ശൈശവത്തിലൂടെ ശിശുവിന്റെ ലാളിത്യവും ബാല്യത്തിലൂടെ കൗമാരത്തിന്റെ കൗതുകവും യുവത്വത്തിലൂടെ യൗവനത്തിന്റെ ചൈതന്യവും പ്രസാദവും പകരുകയായിരുന്നു ക്രിസ്തു.

നമ്മിലെ വൃദ്ധരായവരും വാർദ്ധക്യത്തിലേക്ക് കടന്നുകൊണ്ടിരിക്കുന്നവരും തങ്ങളെപ്പോലെ വൃദ്ധനായ ക്രിസ്തുവിനെ കാണാനാവാത്തതിൽ പരിഭവിക്കാതെ അതൊരു അനുഗ്രഹമായി കണക്കാക്കുകയാണ് വേണ്ടത്. കാരണം, തങ്ങളുടെ വാർദ്ധക്യത്തെ സ്വന്തം യുവത്വംകൊണ്ട് വീണ്ടെടുക്കുകയും നവീകരിക്കുകയും ദീപ്തമാക്കുകയും ചെയ്യുന്ന ക്രിസ്തുവിനെയാണ് അവർക്കാവശ്യം. അതാണ് ശിശുവും ബാലനും യുവാവുമായ ക്രിസ്തു; വൃദ്ധനാകാത്ത ക്രിസ്തു.

# യുവാക്കളേ കുടിച്ച് മുടിയരുത്...

:: ജയ്മോൻ കുമരകം ::

മദ്യപാനത്തെക്കുറിച്ചുള്ള യുവജന ധാരണയ്ക്ക് ഇന്ന് ഏറെ മാറ്റം വന്നിരിക്കുന്നു. മദ്യപിക്കുന്നത് തെറ്റാണെന്നും അത് കുടുംബത്തിനും സമൂഹത്തിനും മൂല്യച്യുതിക്ക് കാരണമാകുമെന്നുമുള്ള ചിന്തയ്ക്കും സമൂലമാറ്റം വന്നിരിക്കുന്നു. മദ്യപാനം ഒരു ഫാഷനാണെന്നും മദ്യപിക്കാത്തവൻ ഭോഷനാണെന്നും പ്രചരിപ്പിക്കുന്ന യുവലോകത്തിലാണ് നാമിന്ന്. ഇതൊക്കെയാകാം പെൺകുട്ടികൾ ഉൾപ്പെടെ ബാറിൽ പോയിരുന്ന് മദ്യപിക്കുന്നതിൽ തെറ്റൊന്നും കാണാത്തത്. അടുത്ത കാലത്ത് മംഗലാപുരത്ത് ഒരു പബ്ബിൽ മദ്യപിക്കാനെത്തിയ പെൺകുട്ടികൾ ഉൾപ്പെടെയുള്ളവരെ ഏതാനും ചിലർ തല്ലിയോടിക്കുന്ന രംഗങ്ങൾ ടി.വിയിൽ കണ്ടത് മറക്കാനാവുന്നില്ല. ഗ്രാമീണർ ഏറെ വസിക്കുന്ന സ്ഥലത്താണ് ഈ സംഭവമെന്നുള്ളത് ഏറെ അസഹനീയം.

ഇതൊക്കെ 'ഹൈ സിറ്റി'കളിൽ മാത്രമുള്ള സംഭവമെന്ന് കരുതിയിരുന്ന കാലത്തിന് ഇനി വിട. ഇന്ന് നമ്മുടെ നാടിന്റെ സ്ഥിതിയും ഇതേ സ്ഥിതിയിലേക്ക് തന്നെ. ഇത് തെളിയിക്കുന്നതാണ് തിരുവനന്തപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ആൽക്കഹോൾ ആന്റ്ഡ്രഗ് ഇൻഫർമേഷൻ സെന്ററിന്റെ കണക്കുകൾ.

1986 മുതൽ 2006 വരെയുള്ള രണ്ട് പതിറ്റാണ്ടുകാലത്തെ ടീനേജുകാർക്കിടയിലെ മദ്യപാനത്തിന്റെ ഏറ്റക്കുറച്ചിലുകളെക്കുറിച്ച് സെന്റർ നടത്തിയ പഠനം ശ്രദ്ധേയമാണ്.

1986 മുതൽ 90 വരെയുള്ള വർഷങ്ങളിൽ 17, 18 വയസുള്ളവരിലായിരുന്നു മദ്യപാനശീലം ഏറെയും കണ്ടിരുന്നതെങ്കിൽ 94-ൽ അത് 15-കാരനിലേക്കും 2002-ൽ 14 വയസിലേക്കുമിത് പടർന്നു. 2006-ൽ എത്തിയപ്പോഴാകട്ടെ നമ്മെ ഞെട്ടിച്ചുകൊണ്ട് എട്ടാം ക്ലാസിലെ കുട്ടികൾക്കിടയിലും (13 വയസുകാർ) മദ്യപാനത്തിനുള്ള താൽ പര്യം വർദ്ധിച്ചിരിക്കുന്നു. ഈ വാർത്ത ആരെയാണ് അസ്വസ്ഥരാക്കാത്തത്?

ഞെട്ടിപ്പിക്കുന്ന കണക്കുകളാണ് മദ്യപാനവുമായി ബന്ധപ്പെട്ട് ഓരോ വർഷവും ഉയർന്നു വരുന്നത്. സംസ്ഥാനത്ത് ഓരോ വർഷവും മദ്യപിക്കുന്നവരുടെ എണ്ണമേറി വരുന്നു. 2007-ലെ ഓണനാളിൽ 94.31 കോടി രൂപയുടെ മദ്യം കുടിച്ച് ആഘോഷം 'പത്തരമാറ്റാ'ക്കിയ മലയാളികൾ 2008-ൽ അത് നൂറ്റിപ്പത്തര കോടിയാക്കി ഉയർത്തി. 2007 സാമ്പത്തികവർഷം മാത്രം 'വെള്ളമടിച്ച്' മനുഷ്യൻ പണം കളഞ്ഞത് 3,191 കോടി രൂപയാണെങ്കിൽ 2008-ൽ അത് 3,669.14 കോടി രൂപയിലെത്തിയിരിക്കുന്നു. കേരളീയന്റെ മുഖ്യ ആഹാര ഇനമായ അരി വാങ്ങാൻ ചെലവിട്ടതാകട്ടെ 2880 കോടി രൂപയേയുള്ളൂ എന്നുമോർക്കണം. മലയാളിയുടെ, മദ്യത്തിന്റെ ഒരു വർഷത്തെ ആളോഹരി ഉപഭോഗം 8.3 ലിറ്ററാണ്. ഇന്ത്യയിലെ ഏറ്റവും കൂടിയ നിരക്കാണിത്. ദേശീയ ശരാശരിയേക്കാൾ മൂന്ന് മടങ്ങ് കൂടുതലും. ഒരുവർഷം ലഹരി നുണയാൻ കേരളീയർ ചെലവഴിക്കുന്നത് ആയിരം കോടി രൂപയെളം വരും. പ്രതിദിനം 2100 ലക്ഷം രൂ പ. എണ്ണ കമ്പനികളിൽ നിന്നുള്ള സർക്കാരിന്റെ വരുമാനം 1625 കോടി രൂപയും. അതായത് വാഹനങ്ങൾക്ക് ഇന്ധനം അടിക്കുന്നതുപോലെയാണ് മലയാളിക്ക് മദ്യം. സംസ്ഥാനത്തെ ബാറുകളിലൂടെ പ്രതിവർഷം ഏകദേശം 720 കോടിയുടെ സെക്കന്റ്സ് മദ്യം വിറ്റഴിക്കപ്പെടുന്നുവെന്നാണ് ഒരു റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നത്. കണക്കില്ലാത്ത വ്യാജമദ്യം പുറമേ. കവലകൾ തോറും ലഭിക്കുന്ന നാടൻ ചാരായം

അതിനും പുറമേ...

ഒരുവർഷം 94 ലക്ഷം ബോക്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യം കേരള സ്റ്റേറ്റ് ബിവറേജസ് കോർപറേഷൻ വഴി മാത്രം മലയാളി കുടിച്ചുവറ്റിക്കുന്നു. ഇതിനും പുറമെ 720 കോടിയിലധികം രൂപയുടെ മദ്യം വൻകിട മദ്യകമ്പനികൾ സെക്കന്റ്സ് എന്ന പേരിൽ നികുതി നൽകാതെ കേരളത്തിൽ വിറ്റഴിക്കുന്നുമുണ്ട്. 50 രൂപയിൽ താഴെമാത്രം ഉൽപ്പാദനചിലവുവരുന്ന ഒരുകുപ്പി മദ്യത്തിന് വിൽപ്പനനികുതിയും എക്സൈസ് തീരുവയും സർചാർജും ലാഭവിഹിതവും ഉൾപ്പെടെ ഈടാക്കുന്നത് 501 രൂപയോളം വരും.

ലോകാരോഗ്യസംഘടനയുടെ ആൽക്കഹോളിസത്തെപ്പറ്റിയുള്ള ഗ്ലോബൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ടിൽ 16 വർഷത്തിനിടയിൽ കേരളത്തിലെ യുവാക്കളിൽ മദ്യാസക്തി ആറിരട്ടി വർദ്ധിച്ചുവെന്ന് വ്യക്തമാക്കിയിരിക്കുന്നു. 1986–ൽ രണ്ട് ശതമാനം യുവാക്കൾ മദ്യപിച്ചിരുന്നുവെങ്കിൽ ഇപ്പോൾ ഇത് 12 ശതമാനമെത്തി എന്ന്. കേരളീയരിൽ 16 ശതമാനംപേർ മദ്യം ഉപയോഗിക്കുന്നു. മദ്യമില്ലാതെ ജീവിക്കാനാവില്ല എന്ന അവസ്ഥയിൽ 15 ലക്ഷത്തോളം മലയാളികളുണ്ടെന്നുള്ളത് നാം ഞെട്ടലോടെ സ്വീകരിക്കേണ്ട യാഥാർത്ഥ്യമാണ്. ഇന്ത്യയിൽ 15 കോടി ആളുകൾ മദ്യപിക്കുന്നു. ലോകജനസംഖ്യയുടെ ആറിലൊന്ന് വസിക്കുന്ന ഇന്ത്യയിൽ മദ്യപാനശീലം പരസ്യതന്ത്രങ്ങളിലൂടെ അഞ്ച് ശതമാനമെങ്കിലും വർദ്ധിപ്പിക്കണമെന്ന് ആഗോള മദ്യകമ്പനികൾ തീരുമാനിച്ചിട്ടുണ്ടത്രെ. 18 ലധികം ആഗോളമദ്യകുത്തക കമ്പനികൾ ഇന്ത്യയിൽ വല വിരിച്ചുകഴിഞ്ഞു.

മദ്യത്തോടൊപ്പം ഇതിൽ നിന്നുടലെടുക്കുന്ന സാമൂഹ്യ തിന്മകളും പെരുകി. വ്യഭിചാരവും മറ്റ് കുറ്റകൃത്യങ്ങളും മദ്യത്തിൽ നിന്നാണ് ഉടലെടുക്കുന്നത്. മാനസികപ്രശ്നങ്ങൾ, കുടുംബപ്രശ്നങ്ങൾ, തകർക്കപ്പെട്ട ബാല്യങ്ങൾ, മാനസികരോഗങ്ങൾ തുടങ്ങിയവയെല്ലാം ഇതിന്റെ അനന്തരഫലങ്ങളാണ്. വർദ്ധിച്ചുവരുന്ന ആത്മഹത്യയുടെയും കടക്കെണിയുടെയും റോഡപകടങ്ങളുടെയും കാരണവും ഇതൊക്കെ തന്നെ ആകാമെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു.

16നും 25നും ഇടയിലുള്ള യുവാക്കളിലാണിന്ന് മദ്യം ഏറെ സ്വാധീനം ചെലുത്തുന്നത്. മദ്യപിച്ചില്ലെങ്കിൽ പൗരുഷമില്ലെന്ന ചിന്ത, ചില ചടങ്ങുകൾക്കും ആഘോഷങ്ങൾക്കും മദ്യത്തിന് നൽകുന്ന പ്രാധാന്യം, ഇവയൊക്കെ മദ്യത്തെ സമൂഹത്തിൽ മാന്യവൽക്കരിക്കുന്നതിനാണ് ഇട നൽകിയിട്ടുള്ളത്. കുടുംബങ്ങൾ ഒന്നിച്ചിരുന്ന് ആസ്വദിക്കുന്ന ടെലിവിഷൻ സീരിയലുകളിലും സിനിമയിലുമൊക്കെ മദ്യവും മദ്യത്തിലൂടെ നായകൻ നേടിയെടുക്കുന്ന വിജയവും ചർച്ചാവിഷയമാകുന്നു. ശത്രുവിനോട് രണ്ട് വാക്ക് ഉശിരോടെ സംസാരിക്കണമെങ്കിൽ മദ്യം അനിവാര്യമാണെന്ന രീതിയിലുള്ള അവതരണവും അനേകരെ മദ്യത്തിന്റെ പിടിയിലേക്ക് തള്ളിയിടുന്നു.എന്നാൽ മദ്യം വരുത്തുന്ന ദുരന്തങ്ങളെക്കുറിച്ചൊന്നും അവർ ചിന്തിക്കുന്നില്ല, ശാരീരികമായ രോഗങ്ങൾക്കുപുറമേ മാനസിക രോഗങ്ങളിലേക്കും മദ്യപാനം നയിക്കുന്നു. ഉൽക്കണ്ഠ, ആകുലത, ഡിപ്രഷൻ, കുറ്റബോധം തുടങ്ങിയവ മദ്യപാനത്തിന്റെ സന്തതികളാണ്.

നമ്മുടെ കുടുംബങ്ങളിലെ രഹസ്യവും പരസ്യവുമായ മദ്യപാനശീലമല്ലേ, നമ്മുടെ കുഞ്ഞുങ്ങളെയും മദ്യത്തിലേക്ക് ആകർഷിക്കുന്നത്. വിശേഷദിവസങ്ങളിലും ആ ഘോഷാവസരങ്ങളിലുമൊക്കെ അതിഥികളോടൊപ്പമിരുന്നുള്ള മദ്യസൽക്കാരങ്ങൾ നമ്മുടെ കുഞ്ഞുങ്ങളും കാണുന്നു. മാതാപിതാക്കളും ബന്ധുക്കളുമൊക്കെ മദ്യോത്സവങ്ങളിൽ ആനന്ദം കാണുന്നുവെന്ന് അവർക്ക് തോന്നുന്നു. അപ്പോൾ പിന്നെ ഇതൊക്കെ തങ്ങളിൽ നിന്നും നിഷേധിക്കുന്ന മാതാപിതാക്കളോടുള്ള വെല്ലുവിളിയായിട്ടാണ് പല കുട്ടികളും മദ്യപാനത്തിലേക്ക് തിരിയുന്നത്. രഹസ്യമായി ആരംഭിക്കുന്ന ശീലങ്ങൾ പിന്നെ പരസ്യമാക്കപ്പെടുന്നു. അത് പൊതു നിരത്തുകളിലേക്കും നീളുന്നു.

മദ്യത്തിൽ നിന്ന് കുട്ടികളെ പിന്തിരിപ്പിക്കുന്നതിന് മുമ്പ് കുടുംബങ്ങളിൽ നിന്നും പൂർണമായി മദ്യത്തെ പടി കടത്തുകയാണ് ചെയ്യേണ്ടത്. അല്ലാതെ കുടുംബത്തിൽ തെറ്റ് തിരുത്താതെ കുഞ്ഞുങ്ങളെ തിരുത്താനാവില്ല. അതോടൊപ്പം ഭാവി തലമുറയെ ഈ തെറ്റായ ശീലത്തിൽ നിന്നും രക്ഷിക്കാൻ അധ്യാപകർ, സാമൂഹ്യസംഘടനകൾ, പോലിസ് ഇവരൊക്കെ ഒന്നിച്ച് കൈകോർക്കണം.

മദ്യപാനം നിർത്തുവാനുള്ള ആദ്യപടി മദ്യപാനം ഒഴിവാക്കണമെന്നുള്ള അദമ്യമായ ആഗ്രഹം തന്നെയാണ്. അങ്ങനെ ഒരു ചിന്ത രൂപപ്പെട്ടാൽ ആദ്യം തന്നെ മദ്യം നിർത്താൻ മദ്യപനോടൊപ്പം കുടുംബവും ശ്രമിക്കുക. മദ്യപാനം നിറുത്തുമ്പോൾ പെട്ടെന്നുണ്ടാകുന്ന ശാരീരികമായ അസ്വസ്ഥതകൾ സാവധാനം കുറയുമെന്ന് മനസിലാക്കുക. മുഴുക്കുടിയന്മാരായിരുന്ന അസംഖ്യം പേർ ദൈവാനുഭവത്തിലൂടെയും ധ്യാനത്തിലൂടെയും പൂർണ്ണമായും മദ്യപാനം ഉപേക്ഷിച്ചിട്ടുണ്ടെന്ന് തിരിച്ചറിയുക.

സ്കൂളുകളിലും കോളജുകളിലും മദ്യത്തിന്റെ ദോഷവശങ്ങളെക്കുറിച്ചുള്ള പാഠങ്ങൾ കുട്ടികൾക്ക് പകർന്ന് നൽകണം. അതിനായി പാഠഭാഗങ്ങളോടൊപ്പം മദ്യപാനത്തിന്റെ ദോഷവശങ്ങൾ പ്രതിപാദിക്കുന്ന പ്രത്യേക സിലബസ് ഉൾപ്പെടുത്തണം. സഭയിലെ യുവജനസംഘടനകൾക്ക് മദ്യപാനത്തിന്റെ ദോഷവശങ്ങൾ സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകുക. മതബോധനമണ്ഡലങ്ങ

ളിലും ഇതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കണം. മദ്യവിമുക്തി നേടിയ വ്യക്തികളെ ആദരിക്കുകയും അവർക്ക് വേണ്ടത്ര പ്രോത്സാഹനം നൽകുകയും ചെയ്യുക.

മദ്യപിക്കണമെന്നുള്ള ചിന്തയുണ്ടാവുമ്പോൾ മറ്റെന്തെങ്കിലും ചിന്തകളിലേക്ക് മനസ് മാറ്റുവാനാണ് മദ്യപാനികളോട് സാധാരണ കൗൺസിലേഴ്സ് പറയാറുള്ളത്. മദ്യത്തിൽ നിന്ന് പിന്തിരിഞ്ഞ വ്യക്തി മദ്യപാനികളുടെ കൂട്ടത്തിൽനിന്ന് മാറിനിൽക്കുക. അവരുമായുള്ള സൗ ഹാർദ്ദം അവസാനിപ്പിക്കുക. ആവശ്യമെങ്കിൽ ചികിത്സയിലൂടെയും മരുന്നിലൂടെയും മദ്യപാനത്തിന് വിരാമമിടാം. ഒരിക്കൽ പരാജയപ്പെട്ടാലും പതറാതെ മുന്നേറുക. ഈ തിന്മയിൽ വീഴാതിരിക്കാൻ നിരന്തരം പ്രാർത്ഥിക്കുക. അതെ..യുവജനങ്ങൾക്കിടയിൽ പെരുകുന്ന ഈ തിന്മയ്ക്കെതിരെ നമുക്ക് ഒന്നിച്ച് കരങ്ങൾ കോർക്കാം...

മദ്യം നൽകിയ സമ്മാനം
രാത്രിയിൽ മദ്യപിച്ച് മദോന്മത്തനായി വീട്ടിലെത്തിയ യുവാവ് ഒന്നുറങ്ങിയ ശേഷം ഉണർന്ന് മദ്യലഹ രിയിൽ തന്നെ ബാത്റൂമിലേക്ക് പോയി. തിരികെയെത്തിയപ്പോൾ മുഖത്ത് എന്തെന്നില്ലാത്ത സന്തോഷം. ഈർഷ്യയോടെ ഉറങ്ങിയ ഭാര്യയെ വന്നപാടെ തട്ടി ഉണർത്തി.

‘‘ എന്നാലും എന്റെ പ്രിയതമേ ബാത്റൂമിൽ തട്ടുണ്ടാക്കി നീയെന്തിനാടീ അവിടെ ആപ്പിളും ഓറഞ്ചുമൊക്കെ എനിക്കായി നിരത്തിയത്? ’’

പിടഞ്ഞെണീറ്റ ഭാര്യ അലറിപ്പോയി.

‘‘എന്റെ ദൈവമേ ഇതിയാൻ ഇന്ന് ഫ്രിഡ്ജ് തുറന്നാണോ മൂത്രമൊഴിച്ചത്....

# ദാനമായി ലഭിച്ചതു ദാനം ചെയ്യുക

:: ഫാ. ജോസഫ് നെച്ചിക്കാട്ട് ::

വലിയൊരു സുവിശേഷ പ്രഘോഷകനും ഗ്രന്ഥകാരനുമായ മാർക്ക് ഗൈ പീയേഴ്സ് ഒരു ദരിദ്ര കുടും ബത്തിലെ അംഗമായിരുന്നു. പഠനമൊക്കെ കഴിഞ്ഞ് ഹോളണ്ടിൽനിന്നും മടങ്ങിവരവെ കപ്പലിൽ വച്ച് മാർക്ക് ഭക്ഷണം കഴിക്കാനിരുന്നു. പയ്യനല്ലേ, കണ്ടതൊക്കെ ഇഷ്ടംപോലെ അകത്താക്കി. സമൃദ്ധമായ ഭക്ഷണം! അവസാനം ബില്ലു വന്നപ്പോഴാണ് അവൻ അന്ധാളിക്കുന്നത്. അതു കൊടുക്കുവാൻ കൈ യിൽ പൈസ ഇല്ല! പരുങ്ങി നിന്ന മാർക്കിനെ വിളമ്പുകാരൻ കണക്കറ്റു ശകാരിച്ചു. അവസാനം അയാൾ അവന്റെ അഡ്രസ് ചോദിച്ചു. ‘‘മാർക്ക് ഗൈ പീയേഴ്സ്’’–ബാലൻ പറഞ്ഞു. അതേതുടർന്ന് ഒന്നും പറയാതെ വിളമ്പുകാരൻ കൈയിൽ നിന്നു ബില്ലിന്റെ പണം കൊടുത്തു പയ്യനെ യാത്രയാക്കി. കാരണം തിരക്കിയപ്പോൾ അയാൾ പറഞ്ഞു: ‘‘നിന്റെ പിതാവ് പീയേഴ്സിനെ എനിക്കറിയാം. അദ്ദേഹം ഒരിക്കൽ ഞങ്ങളെ സഹായിച്ചിട്ടുണ്ട്. അതിനു പ്രത്യുപകാരമായിട്ടാണ് ഞാൻ ഇതു ചെയ്യുന്നത്. നീയും ഇതു മറ്റൊരാൾക്കു മടക്കിക്കൊടുക്കണം....’’

നാമാരും തനിയെ വളർന്നു വലിയവരായതല്ല– അനേകരുടെ സഹായമാണ് നമ്മെ ഈ നിലയിലാക്കി യത്. മാതാപിതാക്കളുടെ, ഗുരുഭൂതരുടെ, ഗുണകാംഷികളുടെ, അയൽക്കാരുടെ...

ലോകത്തിലെ ഏറ്റവും നിരാലംബയായ ജീവി മനുഷ്യശിശുവാണെന്നു പറയാം. പത്തുമാസം ഗർഭഭാരം പേറുന്ന ഒരു സ്ത്രീ വേദനയോടെ പ്രസവിച്ചിടുന്നതു വെറുമൊരു മാംസപിണ്ഡമാണ്. ആട്, കോഴി, താറാവുകൾ അന്നുതന്നെ കുഞ്ഞുങ്ങളെ കൂട്ടത്തിൽ കൊണ്ടുപോകുമ്പോൾ ഒരു മനുഷ്യശിശുവിന്റെ നിസഹായാവസ്ഥ എത്രയോ ദയനീയമാണ്. അമ്മയുടെയും ഒരു പരിധിവരെ അച്ഛന്റെയും വർഷങ്ങ ളുടെ പരിചരണവും പരിപാലനയും പറ്റിക്കൊണ്ടാണ് അവൻ/അവൾ തന്റേതായ ജീവിതത്തിൽ എത്തി ച്ചേരുക. അതിന് മക്കൾ മാതാപിതാക്കളോട് നന്ദിയുള്ളവരാണോ? (നന്ദി പറയാറില്ലെന്നതു പോട്ടെ.)

നാഗ്പൂരിലെ Poor Homes ഏതൊരു സന്ദർശകന്റെയും കരളലിയിക്കും. ബുദ്ധിമാന്ദ്യമുള്ള അവശരും അംഗഭംഗം വന്നവരുമായ അനേകരുടെ ആശാകേന്ദ്രമാണത്. മൂക്കിൽനിന്നും വായിൽ നിന്നും സദാ നീരൊലിപ്പിക്കുന്നവർ, കൈയില്ലാത്തവർ, കാലില്ലാത്തവർ...! മനുഷ്യന്റെ വേദനയും വൈരൂപ്യവും ഒത്തുചേരുന്നത് കാണണമെങ്കിൽ അവിടെ പോയി നോക്കണം. സിസ്റ്റേഴ്സ് അവരെയൊക്കെ സന്തോ ഷപൂർവം പരിചരിക്കുന്നു. ആ നിശബ്ദ സേവനത്തിന്റെ മുമ്പിൽ എന്റെ കണ്ണ് ഈറനണിഞ്ഞു. ദീർഘ നേരം ആ രംഗം ഞാൻ നോക്കി നിന്നു കണ്ടു. അതുപോലെ എത്രയെത്ര കേന്ദ്രങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിലുമുണ്ട്...!

‘‘പലരും ഇവിടെത്തന്നെ സ്ഥിരം കഴിയുന്നവരാണ്. ചിലരൊക്കെ സുഖം പ്രാപിച്ചു പോകാറുമുണ്ട്...’’ പരിചരണത്തിനിടയിൽ ഒരു സഹോദരി വിശദീകരിച്ചു.

‘‘ഇവർ നിങ്ങളോടു നന്ദി കാണിക്കാറുണ്ടോ?’’

‘‘പാവങ്ങൾ! അവർക്കെന്തറിയാം?’’ അതായിരുന്നു മറുപടി.

‘‘ഇവരെ ഇവിടെ കൊണ്ടുവന്ന് ആക്കിയവരോ?’’

‘‘നന്ദി കാണിക്കാറില്ല, പ്രതീക്ഷിക്കാറുമില്ല; പകരം പലരിൽ നിന്നും ലഭിക്കുക അവഹേളനങ്ങളും പീഡനങ്ങളും മാത്രമാണ്.’’

‘‘പിന്നെ, ഇവരോടൊപ്പം കഴിയുമ്പോൾ നിങ്ങളെ പ്രേരിപ്പിക്കുന്നതെന്താണ്?’’

‘‘യേശുവിനോടുള്ള സ്നേഹം ഒന്നുമാത്രം.’’

നന്ദി കാണിക്കുവാൻ നമുക്ക് കടമയുണ്ട്. ബേർട്ടൻ പറയുന്നതുപോലെ, കിട്ടിയതു കൈമാറുവാനും നാം ബാധ്യസ്ഥരാണ്.

ആവശ്യത്തിലേറെ വസ്തുക്കൾ ശേഖരിച്ചു വയ്ക്കുകയും ദുരുപയോഗപ്പെടുത്തുകയും ചെയ്യുന്ന ധനികരെ ശക്തമായ ഭാഷയിൽ മഹാത്മാ ഗാന്ധിജി വിമർശിക്കുന്നുണ്ട്. പകരം പങ്കുവയ്ക്കുവാനും കൈമാറുവാനുമാണ് അദ്ദേഹം നിർദേശിക്കുന്നത്.

തന്റെ അടുക്കൽ വന്നുമുട്ടിയ ഒരുവന് 25 ഡോളർ കൊടുത്തുകൊണ്ട് മഹാനായ ബഞ്ചമിൻ ഫ്രാങ്ക്ളിൻ (1706–1790) പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്. ‘‘ആവശ്യം കഴിയുമ്പോൾ നീ ഇതു മറ്റൊരു ആവശ്യക്കാരനു മടക്കിക്കൊടുക്കണം.’’

ദാനധർമ്മങ്ങൾ ചെയ്യുന്നതിൽ അതീവ തൽപരയായിരുന്നു ഹങ്കറിയിലെ വി.എലിസബത്ത്. ഓരോ പ്രാവശ്യവും ദാനം സ്വീകരിക്കുന്നവരോട് അവൾ പറഞ്ഞിരുന്നത്: ‘‘നീയും പോയി ഇതുപോലെ ചെയ്യുക’’ എന്നാണ് (ലൂക്കാ 10:37).

ഇതാ, വേറൊരു വേദി. എത്രയോ ലക്ഷംരൂപാ പൊതുഫണ്ടിൽ നിന്നും സഹായം സ്വീകരിച്ചാണ് ഒരു ഡോക്ടർ പഠനം പൂർത്തിയാക്കുന്നത്? എന്നിട്ട്, ഏതെങ്കിലും ഒരു ഡോക്ടർ സമൂഹത്തോട് കടപ്പാടു കാണിക്കാറുണ്ടോ? ശമ്പളത്തിനുമുപരി പട്ടിണിപ്പാവങ്ങളിൽ നിന്നുപോലും കിട്ടാവുന്നത്ര വെട്ടിപ്പിടി ക്കുന്നതിലാണ് അവരുടെ വ്യഗ്രത....

പൊതുമുതലിൽ നിന്ന് ഒന്നും സ്വീകരിക്കാതെ പഠിച്ചവരാണ് നമ്മുടെ പാരമ്പര്യ വൈദ്യന്മാർ. തങ്ങളുടെ സേവനത്തിന് ഒരു പൈസപോലും അവർ പ്രതിഫലം പറ്റുകയില്ലായിരുന്നു. ആയുർവേദം ഈശ്വരദാന മാണെന്ന മഹർഷിവാക്യമാണ് (ധന്വന്തര മഹർഷി– സുശ്രുതനോട്) പ്രതിഫലേച്ഛ കൂടാതെ ചികിത്സ നടത്തണ ആചാര്യചിന്തയുടെ ഉറവിടം. പ്രതിഫലം വാങ്ങിയാൽ സിദ്ധി നഷ്ടപ്പെടുമെന്നു ചിന്തിച്ചി ടത്തുനിന്നും സാധിക്കുന്നത്ര പ്രതിഫലം വാങ്ങിയാലേ ചികിത്സ നടക്കുകയുള്ളു എന്ന ഇടംവരെ നാം എത്തിച്ചേർന്നു!

**Pass it onþ** അതു പ്രകൃതിനിയമമാണ്. പഠിപ്പിച്ച അധ്യാപകർക്ക് വിദ്യ മടക്കിക്കൊടുക്കാൻ, കുട്ടികൾ ക്കാവില്ല– അതല്ല പ്രകൃതി പ്രതീക്ഷിക്കുന്നതും.

ദൈവത്തിൽ നിന്നു നാം എന്തെന്തു നന്മകൾ സ്വീകരിക്കുന്നു? അതിലൊന്നുപോലും ദൈവത്തിനു തിരിച്ചു കൊടുക്കാൻ നമുക്ക് സാധിക്കുകയില്ല; പകരം, ചുറ്റുപാടുമുള്ള ചെറിയവർക്കു കൈമാറുവാനാണ് യേശു ആവശ്യപ്പെടുന്നത്. ‘‘എനിക്കു വിശന്നു നിങ്ങളെനിക്കു ഭക്ഷിക്കുവാൻ തന്നു’’ (മത്താ.25:36). ഈ പാവപ്പെട്ടവരിലൊരുവന് വിശന്നപ്പോൾ– അവന്റെ വിശപ്പിൽ പങ്കുചേരുവാൻ കഴിഞ്ഞപ്പോൾ ദാനമായി നമുക്കു കിട്ടിയത് ദാനമായി എടുത്തുകൊടുക്കുകയായിരുന്നു. അതാണ് യേശു വീണ്ടും പറയുന്നത്: ‘‘ദാനമായി നിങ്ങൾക്ക് കിട്ടിയത് ദാനമായിത്തന്നെ കൊടുക്കുവിൻ’’ (മത്തായി 10:8). നമുക്ക് കിട്ടിയതത്രയും ദാനമായിട്ടാണ്– അനുഗ്രഹമായിട്ടാണ്. അത് അതേപടി വിലയൊന്നും വാങ്ങാതെ കൊടുക്കുവാൻ നാം ബാധ്യസ്ഥരാണ്. (അനുഗ്രഹം അഥവാ ഗ്രെയ്സ് എന്ന പദത്തിന്റെ അർത്ഥം വെറുതെ കിട്ടിയത് എന്നുതന്നെയാണ്.)

# കലഹപൂർവം സ്നേഹിക്കുന്നവർ

:: ജോനാഥ് കപ്പൂച്ചിൻ ::

ചിലപ്പോഴെങ്കിലും ദൈവത്തെ ഉച്ചത്തിൽ ശകാരിക്കാനുള്ള പ്രേരണ ചിലർക്ക് ഉണ്ടാകാറുണ്ട് എന്നെ ഴുതിയത് ദസ്തയെവ്സ്കിയാണ്. ശരിയാണത്. സ്നേഹത്തിന്റെ ആഴങ്ങളിൽ അവാച്യമായ സ്വാതന്ത്ര്യ മുണ്ട്. ആ സ്വാതന്ത്ര്യത്തിന്റെ ഉന്നതബലത്തിൽ, ദൈവത്തോട് തർക്കിക്കാനും വാദിക്കാനും കുറുമ്പു കാണിക്കാനും അമർഷം പ്രകടിപ്പിക്കാനും ചിലർ ധൈര്യപ്പെടുന്നു. അവരുടെ കലഹപൂർണമായ പിടി വാശികളെ സമ്മതിച്ചുകൊടുക്കുന്ന മനസാണ്, ദൈവത്തിന്. തന്റെ നേരെ ഉയരുന്ന വെല്ലുവിളികളെ യും കുറ്റപ്പെടുത്തലുകളെയും പഴിചാരലുകളെയും കൗതുകപൂർവം ഏറ്റുവാങ്ങുമ്പോൾ, ഒരു കുഞ്ഞു കുട്ടിയേക്കാൾ നിഷ്ക്കളങ്കനാണ് അവനെന്ന് തോന്നിപ്പോകും. നല്ല പിണക്കം നല്ല ചങ്ങാതിമാരുടെ ലക്ഷണമാണ്. സ്നേഹത്തിൽ ധൈര്യപ്പെട്ടുകൊണ്ട് തന്നെ വെല്ലുവിളിക്കുന്നവരെയാണ് ദൈവം കാലാകാലങ്ങളായി അന്വേഷിക്കുന്നത്.

സ്നേഹത്തോട് സ്നേഹം കലഹിക്കുന്നതുപോലെ ദൈവത്തോട് ചില മനുഷ്യൻ കലഹിക്കുന്നത് ബൈബിളിൽ ആവർത്തിക്കപ്പെടുന്ന ദർശനമാണ്. ദൈവത്തോട് മൽപ്പിടുത്തം നടത്താൻ മാത്രം സൗഹൃദം തനിക്കുണ്ടെന്ന് പെനുവേലിൽ വച്ച് യാക്കോബ് തെളിയിച്ചു. ഒരുപാട് അടുപ്പമുള്ളവർ ക്കിടയിൽ മാത്രം നടക്കുന്ന കീഴ്വഴക്കംപോലെ, ദൈവം സോദോമിനെയും ഗൊമോറായെയും നശിപ്പി ക്കാനുള്ള തീരുമാനം അബ്രാഹത്തിനെ അറിയിക്കുന്നു. അവനാകട്ടെ ദൈവത്തോട് നീതിമാന്മാരുടെ എണ്ണമെടുത്ത് എതിർവാദം നടത്തുന്നു. സ്നേഹത്തിന് ചിറകുവയ്ക്കുന്ന വാദപ്രതിവാദമായിരുന്നത്. മരുഭൂമിയിൽ അപ്പമില്ലാതെ ഇസ്രായേൽജനം വലഞ്ഞപ്പോൾ മോശ ദൈവത്തെ ഗുണദോഷിക്കുന്നു. ഹോറെബിൽ വച്ച് ജനം ദാഹിച്ചു വലഞ്ഞപ്പോൾ അവർക്കുവേണ്ടി കലഹിക്കുന്നു. ഇതും ദൈവ ശാപത്തെ പേടിക്കാത്ത അടുപ്പത്തിന്റെ ലാവണ്യമാണ്.

ദൈവം ഹൃദയത്തിനിണങ്ങിയ ഒരു മനുഷ്യനെ കണ്ടെത്തിയത് ദാവീദിലാണ്. അവനാകട്ടെ ഓരോ പ്രാവശ്യവും ആവലാതികൾ ചൊരിഞ്ഞും ദുരിതങ്ങൾ നിരത്തിയും അവിടുത്തെ വിരട്ടുന്നു. ഭൂമുഖത്ത് ഇവനേക്കാൾ നിഷ്കളങ്കനായവൻ ആരുമില്ലെന്ന് ദൈവം സാത്താനോട് അഹങ്കരിച്ചത് ജോബിനെക്കു റിച്ചാണ്. അനർത്ഥകാലത്ത്, ഇനി ഞാൻ ദൈവത്തോട് മിണ്ടുകയില്ലെന്ന് പ്രതിഷേധിച്ചതവനാണ്. ജനിക്കുന്നതിന് മുമ്പേ ദൈവം വിശുദ്ധീകരിച്ചവനാണ് ജറമിയ. അവനൊരു സങ്കടനേരത്ത്, 'കർ ത്താവേ അങ്ങ് എന്നെ വഞ്ചിച്ചിരിക്കുന്നു. ദിവസം മുഴുവനും ഞാൻ പരിഹാസപാത്രമായി' എന്നു കോപിക്കുന്നു. മനസിൽ തോന്നുന്നതെന്തും അതുപോലെ തന്നെ പറഞ്ഞ് ക്രിസ്തുവിനെപ്പോലും വിഷമിപ്പിച്ചവനാണ് തോമസ്. ആദ്യം, 'നിന്റെ വഴിയെങ്ങനെ ഞങ്ങളറിയും എന്നു ചോദിക്കുന്നു.' പിന്നെ, 'നിന്റെ മുറിവിൽ തൊടാതെ വിശ്വസിക്കില്ലെന്ന്' വാശി പിടിക്കുന്നു. ഇങ്ങനെയൊക്കെയാ ണെങ്കിലും മറ്റാരോടും കാണിക്കാത്ത ഒരു അനുഭാവം ക്രിസ്തു അവനോട് കാണിക്കുന്നു. തന്റെ മുറിവിൽ തൊട്ടു വിശ്വസിക്കാനുള്ള അവസരം അനുവദിക്കുന്നു. നമുക്ക് മനസിലാക്കാൻ കഴിയു ന്നതിലുമപ്പുറം ആത്മീയതയിൽ മുന്നോട്ടു പോയവരാണ് ഇവരൊക്കെ. ഇതെല്ലാം കാണിക്കുന്നത് അവരുടെ മനസിന്റെ തുറവിയെയാണ്. വാക്കുകളുടെ ഹൃദയശുദ്ധിയെയാണ്.

ഭക്തി വിധേയത്വമല്ലെന്നും ആരാധന അടിമത്തമല്ലെന്നും അവർ തെളിയിക്കുന്നു. പരിഭവവും പരാതിയും ഇണക്കവും പിണക്കവുമൊക്കെയാണ് അവരുടെ പ്രാർത്ഥനകളെ സജീവമാക്കുന്നത്. ദൈവത്തോട് മറുതലിച്ചു സംസാരിച്ചാൽ അവിടുന്ന് ശിക്ഷിക്കുമെന്ന ഭയം അവർക്കില്ലായിരുന്നു. എപ്പോഴും ദൈവകോപത്തെ പേടിക്കാത്ത തന്റേടം സംവാദങ്ങളിൽ കാത്തുസൂക്ഷിച്ചവർ ദൈവത്തെ കുറ്റപ്പെടുത്തുന്നതിൽ ഒരു പ്രയാസവും തോന്നാത്തവർ. ഇവർ സർവേശ്വരനായ തന്നെയാണല്ലോ തിരുത്തുന്നതെന്നോർത്ത് ദൈവത്തിനും ഒരു കുറച്ചിൽ അനുഭവപ്പെട്ടില്ല. സൗഹൃദത്തിന്റെ മഹത്വ പൂർണമായ നിമിഷം എന്നത് രണ്ടുപേർക്കിടയിലെ പിണക്കങ്ങൾ അവരെ അകറ്റാതിരിക്കുന്ന നിമിഷമാണ്.

ഇപ്പോൾ ഓർമ്മ വരുന്നത് യോനാ പ്രവാചകന്റെ പുസ്തകത്തിലെ ചില രംഗങ്ങളാണ്. ദൈവത്തെ വിശ്വസിച്ച് നിനവെ ജനതയുടെ നാശം പ്രവചിച്ചത് യോനയാണ്. അവിടുന്നാകട്ടെ വാക്കുതെറ്റിക്കുന്നു. അവരെ ശിക്ഷിക്കാതെ ഒഴിഞ്ഞുമാറിയ ദൈവത്തോട് വഴക്കിട്ട്, അത്യധികം അസംതൃപ്തനും കോപി തനുമായ യോന ഒരു കൂടാരത്തിൽ ഒറ്റയ്ക്ക് പാർക്കുന്നു. ഒറ്റയ്ക്കായപ്പോഴാണ് അവന് കൂടുതൽ ധൈര്യമുണ്ടായത്. തണൽ നൽകാൻ മുളപ്പിച്ച ചെടിയെ പിറ്റേന്നു പ്രഭാതത്തിൽ ഒരു പുഴുവന്ന് നശിപ്പിക്കുന്നതു കണ്ടപ്പോൾ അവന് വല്ലാത്ത അമർഷം ഉണ്ടാകുന്നു. ആ ചെടിയെച്ചൊല്ലി യോന വീണ്ടും ധൈര്യത്തോടെ കോപിക്കുന്നു. ദൈവമപ്പോൾ കുറെനേരം അവന്റെ പരാതി തീരുന്നതുവരെ നോക്കിനിന്നു. പിന്നെ ഒരു കുസൃതിച്ചിരിയോടെ ഇടപെട്ടു. ''ഒരു രാത്രികൊണ്ടു വളരുകയും അടുത്ത രാത്രി നശിക്കുകയും ചെയ്യുന്ന ഈ ചെടിക്കുവേണ്ടി നീ അദ്ധ്വാനിച്ചിട്ടില്ല. എന്നിട്ടും നിനക്കതിനോട് അനുകമ്പ തോന്നിയില്ലേ... എങ്കിൽ ഇടംവലം തിരിച്ചറിയാൻ കഴിവില്ലാത്ത ഒരു ലക്ഷത്തിയിരുപതി നായിരത്തിൽപരം ആളുകളും അസംഖ്യം മൃഗങ്ങളും വസിക്കുന്ന മഹാനഗരമായ നിനവെയോട് എനിക്ക് അനുകമ്പ തോന്നരുതെന്നോ?'' അതോടെ കോപിച്ചും വീർപ്പുമുട്ടിയും നിന്ന യോനാ തണു ത്തുപോയി, ആ ക്രോധം മുഴുവൻ ഒന്നിച്ചൊഴുകി ദൈവഹൃദയത്തിൽ അലിഞ്ഞുപോയി. ഇത് തീവ്ര സൗഹൃദത്തിന്റെ പ്രകാശനമാണ്. ഇതൊക്കെ വളരെ അടുത്തു പോയവർക്കിടയിൽ സംഭവിക്കുന്ന താണ്. ദൈവത്തിന് ഇത്തരക്കാരെയാണ് കൂടുതലിഷ്ടം. കാരണം, അടിമത്തം അവരുടെ ശീലമല്ല. ദാസനെപ്പോലെ വണങ്ങി നിൽക്കുന്നവല്ല, ചോദ്യം ചെയ്യാൻ അവകാശം കിട്ടുന്നവനാണ് യഥാർത്ഥ സ്നേഹിതൻ. നീണ്ട കലഹത്തിനുശേഷം രണ്ടുപേർ ആലിംഗനം ചെയ്തു മടങ്ങി പോകുമ്പോൾ

അത് ഗാഢമായ സ്നേഹത്തിന്റെ അച്ചാരമാകുന്നു.

സത്യമായിട്ടും ഇത് ദൈവത്തെ കൊച്ചാക്കുന്ന കുറിപ്പല്ല. സ്നേഹത്തിൽ ധൈര്യപ്പെട്ടുകൊണ്ട് അവിടുത്തെ പ്രീതി കണ്ടെത്തിയവരുടെ പിടിവാശികൾക്കുള്ള ന്യായീകരണങ്ങളാണ്. ഭക്തർ എന്നറിയപ്പെടുന്ന അനേകായിരങ്ങളുടെയിടയിൽ വളരെ യാദൃച്ഛികമായി മാത്രമേ വെല്ലുവിളിക്കാനുള്ള സ്വാതന്ത്ര്യമുള്ള സ്നേഹിതർ ഉണ്ടാകുന്നുള്ളൂ. ജീവിതത്തിൽ ചിലപ്പോഴെങ്കിലും തനിക്കെതിരെ പൊരുതുവാൻ ദൈവം ചിലരെ അനുവദിക്കുന്നു; എല്ലാവരെയുമല്ല, തിരഞ്ഞെടുക്കപ്പെട്ട ചുരുക്കം ചിലരെ മാത്രം. അവരുടെ ഹൃദയനന്മകളെ മുൻനിറുത്തി നൽകുന്ന സൗജന്യമാണത്. ഇപ്പോൾ ദൈവത്തോടു കലഹിക്കാനും യുദ്ധം ചെയ്യാനും ബലമുള്ള ഭാഗ്യവാന്മാർ നമുക്കിടയിലില്ല. ഉള്ളതോ... ഒന്നില്ലെങ്കിൽ, അവിടുത്തെ അറിയാത്തവർ. അല്ലെങ്കിൽ അറിഞ്ഞിട്ടും ഏറ്റുമുട്ടാൻ ധൈര്യമില്ലാത്തവർ.